ND.C. 05/17, dt.03.03.17

03.03.2017

**തെക്കൻ കുരുശുമല വജ്റ ജൂബിലി മഹാതീർത്ഥാടനം**
**2017 മാർച്ച് 26,27,28,29,30,31, ഏപ്രിൽ 1,2 & 13, 14 (ദുഃഖ വെള്ളി)**

വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരരേ,

നെയ്യാറ്റിൻകര രൂപതയിലെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമാണ് കുരിശുമല. സഹ്യപർവ്വത നിരയുടെ നെറുകയിൽ 1957 മാർച്ച് 27 ന് പുണ്യചരിതനായ ബെൽജിയം മിഷനറി റവ.ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ഒ.സി.ഡി. ലോകരക്ഷയുടെ പ്രതീകമായ വിശുദ്ധകുരിശ് സ്ഥാപിച്ചു. അന്ന് ആരംഭിച്ച നോമ്പുകാല തീർത്ഥാടനം ലക്ഷോപലക്ഷങ്ങൾക്ക് ദൈവാനുഭവത്തിന്റെ പാത തെളിക്കുന്നു. നോമ്പുകാലത്ത് ത്യാഗത്തോടെ മലകയറുന്ന തീർത്ഥാടകർ ദൈവവിശ്വാസം ജീവിതാനുഭവമാക്കി മാറ്റുന്നു. അനുതാപ ഹൃദയരായി കുരിശ് വഹിച്ച് കുരിശിന്റെ വഴി ധ്യാനിച്ച് മലകയറുന്ന ഭക്തജനം ആത്മ നിർവൃതിയും ആത്മീയശക്തിയും അനുഭവിക്കുന്നു.

ജാതി മത ഭേതമെന്യേ ഭക്ത്യാദരങ്ങളോടെ കുരിശുമല കയറുന്നവരുടെ ആദ്ധ്യാത്മിക ഉറവിടം കുരിശിൽ ജീവൻ ബലിയർപ്പിച്ച് ലോകത്തെ രക്ഷിച്ച യേശുക്രിസ്തുവാണ്. സത്യത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കരുണയുടേയും വഴി തേടുന്നവർ ആത്യന്തികമായി ചെന്നെത്തുന്നത് ദൈവപുത്രനായ യേശുക്രിസ്തുവിലാണ്. കാരണം, ‘ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമ്മുടെ രക്ഷയ്ക്കുവേ മറ്റൊരു നാമവവും നൽകപ്പെട്ടിട്ടില്ല’ (Acts 4,12).

ഈ വർഷത്തെ തീർത്ഥാടന സന്ദേശം **“വിശുദ്ധകുരിശ് ജീവിത മോചന മാർഗ്ഗം”** എന്നതാണ്. ഈ നോമ്പുകാലത്ത് ഇടവക ജനങ്ങൾക്കും മറ്റ് ഭക്തജനങ്ങൾക്കും കുരിശുമല കയറുന്നതിനും, കുരിശിന്റെ വഴി, കരുണകൊന്ത, ദിവ്യബലി എന്നിവ അർപ്പിക്കുന്നതിനും അവസരമു്. കുരിശുമല ഈ വർഷം വജ്റ ജൂബിലി ആഘോഷിക്കുമ്പോൾ ആത്മീയ ഉണർവും ദൈവാനുഭവവും വളർത്തുവാൻ ഈ വർഷം ഓരോ ഇടവകയും ഒരുമിച്ച് ഒരു ദിവസം ദണ്ഡവിമോചനവും വിശുദ്ധിയും പ്രാപിക്കുവാൻ കുരിശുമല കയറുന്നത് ഉചിതവും അനുഗ്രഹപ്രദവുമാണ്. തീർത്ഥാടനം നടത്തി കുരിശുമല കയറി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ഭക്തിയും വിശുദ്ധിയും പകരാൻ ഇടവക വികാരിയും ഇടവക കൗൺസിൽ അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

2017 മാർച്ച് 26,27,28,29,30,31, ഏപ്രിൽ 1,2 & 13,14 (ദുഃഖവെള്ളി) എന്നീ ദിവസങ്ങളിലായി നടക്കുന്ന കുരിശുമല വജ്റ ജൂബിലി തീർത്ഥാടന മഹോൽസവത്തിലേക്ക് ഏവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

2017 മാർച്ച് 26-ാം തിയതി ഞായറാഴ്ച 1 മണിക്ക് വെള്ളറടയിൽ നിന്ന് ആരംഭിക്കുന്ന വജ്റ ജൂബിലി സാംസ്കാരിക ഘോഷയാത്രയിലും 4 മണിക്ക് കുരിശുമല സംഗമവേദിയിൽ നടക്കുന്ന പ്രാരംഭ വജ്റ ജൂബിലി പൊന്തിഫിക്കൽ ദിവ്യബലിയിലും മാർച്ച് 28-ാം തിയതി ചൊവ്വാഴ്ച 2 മണിക്ക് സംഗമവേദിയിൽ നിന്ന് വിശുദ്ധ കുരുശിന്റെ സന്നിധി (നെറുക)യിലേക്ക് നടത്തുന്ന വിശ്വാസ അനുഭവ പദയാത്രയിലും എല്ലാ വൈദികരും സന്ന്യസ്തരും വിശ്വാസികളും പങ്കെടുത്ത് ദൈവാനുഗ്രഹം നേടുവാൻ ക്ഷണിക്കുന്നു.

സ്നേഹാശംസകളോടെ

.

റൈറ്റ് റവ.ഡോ.വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

N.B. വൈദികർ ഈ സർക്കുലർ ഞായറാഴ്ച എല്ലാ പള്ളികളിലും വായിച്ച് എല്ലാ വിശ്വാസികളും കുരിശുമല തീർത്ഥാടനത്തിൽ പങ്കെടുക്കാൻ ഉപദേശിക്കണം.